## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5024 22.05.2017-ൽ മറുപടിക്ക്

### ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ ആരംഭിക്കുന്നത്

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്ലസ് ടു വിദ്യാർത്ഥികളുടെ പ്രവേശനം സുഗമമാക്കുന്നതിന് സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (എ) & (ബി) | വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്ത് മാത്രമെ സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകളും നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകളും അനുവദിക്കുവാൻ കഴിയുകയുള്ളൂ. 2017-18 അധ്യയന വർഷത്തേക്ക് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടി പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ 2017-18 വർഷം സംസ്ഥാനത്ത് പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അധിക ബാച്ചുകളും അനുവദിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | നിലവിലുള്ള ഹൈസ്കൂളുകളിൽ എവിടെയെങ്കിലും പുതിയതായി ഹയർസെക്കന്ററി അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | | |

സെക്ഷൻ ഓഫീസർ.